LIBRARY ARCHIVES Kerala Legislative Assembly

പുതുതായി അനുവദിച്ച കോളേജുകൾ

11 (1047) പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പുതുതായി അനുവദിച്ച കോളേജുകളിൽ ആവശ്യമായ തസ്തികകൾ അനുവദിച്ചിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം അനുവദിച്ച 19 സർക്കാർ ആർട്സ് ആന്റ് സയൻസ് കോളേജുകളിൽ 13 കോളേജുകൾക്ക് അദ്ധ്യാപക തസ്തികകളും 7 കോളേജുകൾക്ക് അനദ്ധ്യാപക തസ്തികകളും അനുവദിച്ചിട്ടുണ്ട്.

(ബി) സംസ്ഥാനത്തെ സാമ്പത്തിക സ്ഥിതി മെച്ചപ്പെട്ടുത്തുന്നതിന്റെ ഭാഗമായി പുറപ്പെടുവിച്ച 19-9-2014-ലെ ജി.ഒ.(പി)400/2014/ധനവകുപ്പ് ഉത്തരവിന്റെ വെളിച്ചത്തിൽ ശേഷിക്കുന്ന കോളേജുകളിലേക്കാവശ്യമായ പുതിയ തസ്തികകൾ സൃഷ്ടിക്കുന്ന കാര്യം തൽക്കാലം പരിഗണനയിലില്ല.

സ്വാശ്രയ കോളേജുകൾ അനുവദിക്കുന്നതിന് ദൂരപരിധി

12 (1048) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്വാശ്രയ കോളേജുകൾ അനുവദിക്കുന്നതിന് കോളേജുകൾ തമ്മിൽ ദൂരപരിധി നിശ്ചയിച്ചിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ കോളേജുകൾ അനുവദിക്കുന്നതിന് ദൂരപരിധി നിശ്ചയിക്കാത്തത് കാരണം പല കോളേജുകളിലും ആവശ്യത്തിന് വിദ്യാർത്ഥികളെ കിട്ടാത്ത സാഹചര്യം നിലവിലുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) പുതിയ സ്വാശ്രയ കോളേജുകൾ അനുവദിക്കുമ്പോൾ ദൂരപരിധി മാനദണ്ഡമാക്കുന്ന കാര്യം പരിഗണിക്കുമോ ?

ഉത്തരം

(എ) ഇല്ല.